ആദ്യാഗ്നയോ മേ സുഹുതാ യഥാവിധി
ദ്വിജാത്മജ ത്വച്ചരണാവനേജനൈ:
ഹതാംഹസോ വാർഭിരിയം ച ഭൂരഹോ
തഥാ പുനീതാ തനുഭി: പദൈസ്തവ (8-18-31)

*ശുകമുനി തുടർന്നു:*
വിജയദ്വാദശി എന്നറിയപ്പെടുന്ന പുണ്യദിനത്തിൽ ഭാദ്രപദമാസത്തിലെ ശുക്ലപക്ഷത്തിൻെറ പന്ത്രണ്ടാം ദിനത്തിൽ, ചന്ദ്രൻ ശ്രാവണത്തിൽ നിൽക്കുന്ന അഭിജിത്ത് എന്നറിയപ്പെടുന്ന ദിനത്തിൽ, കശ്യപമുനിയുടെ ഗൃഹത്തിൽ അദിതിയുടെ മകനായി ഭഗവാൻ അവതരിച്ചു. എല്ലാ സ്വർഗ്ഗവാസികളും ആഹ്ലാദഭരിതരാവുകയും ആ ദിനം കൊണ്ടാടുകയും ചെയ്തു. ഭഗവാൻെറ അവതാരമാതാപിതാക്കളായ കശ്യപനും അദിതിയും അതീവ സന്തുഷ്ടരായി -ഭഗവാൻ ജയിപ്പൂതാക- എന്നു പ്രഖ്യാപിച്ചുകൊണ്ടിരുന്നു. ഭഗവാൻെറ അവതാരസമയത്തു തന്നെ നാലുതൃക്കരങ്ങളും മറ്റു ദിവ്യവസ്തുക്കളും ഉണ്ടായിരുന്നു. മഞ്ഞപ്പട്ടുടയാടയും ചാർത്തി ഭഗവാൻ കാണപ്പെട്ടു. എന്നാൽ ക്ഷണനേരംകൊണ്ട് ഭഗവാൻ കുള്ളനായ ഒരു ബാലൻെറ രൂപമെടുത്തു.

ബാലന് ഉപനയനം നടത്തുവാൻ അവർ തീരുമാനിച്ചു. ദേവന്മാർ സ്വയം ആശംസകൾ അർപ്പിക്കാനെത്തി. ബ്രഹസ്പതിയാണ് പൂണൂൽ നൽകിയത്. കശ്യപൻ പുല്ലുകൊണ്ടുണ്ടാക്കിയ വസ്ത്രം നൽകി. ഭൂമീദേവി, മാൻതോൽ നൽകി. സോമൻ, ദണ്ഡു നൽകി. അദിതി, വസ്ത്രങ്ങൾ നൽകി. ആകാശദേവനായ ദ്യായു: ബാലന് കുട നൽകി. ബ്രഹ്മാവ് കമണ്ഡലവും സരസ്വതി രുദ്രാക്ഷവും നൽകി. കുബേരൻ ഭിക്ഷാപാത്രവും ഉമ ഭിക്ഷയും നൽകി.

ബലി ഭഗവൽപ്രീതിക്കായി അശ്വമേധയാഗം നടത്തുന്നു എന്നറിഞ്ഞ വാമനൻ അവിടേക്കു പോയി. വാമനൻ കടന്നുചെല്ലുമ്പോൾ യാഗശാല മുഴുവൻ പ്രഭാപൂരം കൊണ്ടു. ഋഷിമുനിമാരേക്കാൾ തേജസ്സുറ്റവനായി ഭഗവാൻ വിളങ്ങി. യാഗസഭ മുഴുവൻ എഴുന്നേറ്റു നിന്ന് വാമനനെ സ്വീകരിച്ചു. ബലി സ്വയം വാമനനെ ഉചിതമായി സ്വീകരിച്ചാനയിച്ച് അതിഥിയുടെ പാദം കഴുകി. ആ തീർത്ഥജലം തലയിൽ തളിച്ചു. എന്നിട്ട് വാമനനോടു പറഞ്ഞു: സ്വാഗതം മഹാത്മാവേ, നമസ്കാരം. ഇന്നത്തെ ദിനം എനിക്ക് സർവ്വഥാ ഏറ്റവും അനുഗ്രഹീതമായ ഒന്നത്രെ. ഞങ്ങളുടെ പൂർവ്വീകർ പോലും അനുഗ്രഹിക്കപ്പെട്ടിരിക്കുന്നു. ഇന്നത്തെ യാഗാഗ്നിക്ക് പ്രത്യേകമൊരു പവിത്രത കാണപ്പെടുന്നു. യഥോചിതമാണവ തെളിയുന്നതെന്നും എനിക്കു തോന്നുന്നു. അങ്ങയുടെ പാദതീർത്ഥം തളിച്ചതുകൊണ്ട് ഈ നാടും ഞാനും സർവ്വ പാപങ്ങളിൽ നിന്നും മുക്തമായിരിക്കുന്നു. അങ്ങേക്ക് വേണ്ടതെന്താണെങ്കിലും എന്നിൽ നിന്നു സ്വീകരിക്കാൻ ഞാനങ്ങയോട് താഴ്മയായി അപേക്ഷിക്കുന്നു.